പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3920 15.03. 2017 ൽ മറുപടിക്ക്

**ലാഭപ്രഭ പദ്ധതി**

ചോദ്യം

ശ്രീ.മുരളി പെരുനെല്ലി

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി നടപ്പാക്കുന്ന മൂന്നാം സീസണിലെ ലാഭ പ്രഭ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) കെ.എസ്.ഇ.ബി. നടപ്പാക്കുന്ന മൂന്നാം സീസണിലെ ലാഭപ്രഭ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിച്ച് ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്നതിനായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാഷണൽ എൽ.ഇ.ഡി. മിഷൻ പദ്ധതിയിൽ പങ്കാളികളായ ഇ.ഇ.എസ്.എൽ.മായി സഹകരിച്ച് 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ട്സിന്റെ 2 എൽ.ഇ.ഡി.ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ നൽകുന്നതാണ് പദ്ധതി. നോൺ പേയിംഗ് ഗ്രൂപ്പിനും (എൻ.പി.ജി.) 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗവുമുള്ള ബി.പി.എൽ. ഉപഭോക്താക്കൾക്കും സൗജന്യമായാണ് ബൾബുകൾ നൽകുന്നത്. |
| (ബി) ഈ പദ്ധതി പ്രകാരം എത്ര എൽ.ഇ.ഡി ബൾബുകളാണ് വിതരണം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളത്; | (ബി) പദ്ധതി പ്രകാരം 150 ലക്ഷം ബൾബുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിയ്ക്ക് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞോയെന്നും ഇതുവരെ വിതരണം ചെയ്ത ബൾബുകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബിയ്ക്ക് എത്ര വൈദ്യുതി ലാഭിക്കാനായി എന്ന് കണക്കാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) 75 ലക്ഷം ബൾബുകളുടെ വിതരണത്തിലൂടെ ഏകദേശം 315 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ലാഭിക്കാൻ സാധിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ